(സി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്ത് തീരുമാനമായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 92. 5%
(ബി) ഉണ്ട്.
(സി) തീരുമാനം അറിവായിട്ടില്ല.

എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾക്ക് നൽകുന്ന മണ്ണെണ്ണയുടെ നിരക്ക്

751. [1239] ശ്രീ വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔട്ട്ബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾക്ക് നൽകുന്ന മണ്ണെണ്ണയുടെ നിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ആവശ്യത്തിന് കേന്ദ്ര പെട്രോളിയം വകുപ്പിൽനിന്നും ലഭിക്കുന്ന മണ്ണെണ്ണയുടെ അളവെത്രയാണ് ;

(സി) മണ്ണെണ്ണയുടെ അളവ് കൂട്ടിത്തരണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഏഴ് കുതിരശക്തി വരെയുള്ള യന്ത്രങ്ങൾ ഘടിപ്പിച്ച വള്ളങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ശരാശരി 250 ലിറ്റർ മണ്ണെണ്ണയും അതിൽക്കൂടുതൽ കുതിരശക്തിയുള്ളവയ്ക്ക് ശരാശരി 350 ലിറ്റർ മണ്ണെണ്ണയുമാണ് പ്രതിമാസം നൽകുന്നത്.

(ബി) പ്രതിമാസം ആയിരം കിലോഗ്രാം ;

(സി) ഉണ്ട്.

(ഡി) ഒക്ടോബർ മാസത്തിൽ 1212 മെട്രിക് ടൺ മണ്ണെണ്ണ കൂടുതലായി സംസ്ഥാനത്തിന് അനുവദിച്ചു.

ഊന്നിവല പ്രശ്നം

752. [1240] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉംനാടൻ മേഖലയിൽ ലൈസൻസുള്ളവരും ഇല്ലാത്തവരുമായ മത്സ്യത്തൊഴിലാളികൾ ഊന്നിവല പ്രശ്നത്തിൽ സംഘർഷത്തിലാണെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ലൈസൻസുള്ളവർക്ക് ദോഷം വരാത്ത വിധത്തിൽ പരമ്പരാഗത തൊഴിലാളികൾക്ക് ഊന്നിവല ലൈസൻസ് നൽകി ഈ പ്രശ്നം പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി) അഞ്ച് വർഷത്തിനുമേൽ തുടർച്ചയായി അനധികൃത മത്സ്യബന്ധനം നടത്തിവന്ന ഊന്നിവലകൾക്കുമാത്രം ലൈസൻസ് നൽകണമെന്നും, അല്ലാതെ പുതുതായി ഊന്നിവല ലൈസൻസ് നൽകേണ്ടതില്ലെന്നും ഗവൺമെന്റ് തീരുമാനിക്കുകയും ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ ഫിഷറീസ് ഡയറക്ടർ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly